(ബി) നടപ്പു സാമ്പത്തികവർഷം സംസ്ഥാനത്ത് ഇതുവരെ നികുതിവെട്ടിപ്പു നടത്തിയ 26370 കേസുകൾ കണ്ടുപിടിച്ചു. ഇതിൽ 24683 കേസുകളിലായി മൊത്തം 58,26,05,000/- രൂപയുടെ വിൽപ്പന നികുതിവെട്ടിപ്പ് കണ്ടുപിടിച്ചു. കോംപൗണ്ടിംഗ് ഫീസായി 73,71,500/- രൂപയും പെനാൽറ്റിയായി 7,16,31,946/- രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

(സി)&(ഡി) ഉണ്ട്. സാധാരണ കുടിശിക പിരിവ് നടപടിക്രമങ്ങൾക്കു പുറമെ വിൽപ്പന നികുതി നിയമം 23(എ) പ്രകാരം നികുതി പലിശയുടെ 60% ഇളവ് 1997-ലെ ഫിനാൻസ് ആക്റ്റ് പ്രകാരം അനുവദിച്ചിട്ടുണ്ട്. പരമാവധി പലിശ ഇളവ് നികുതി തുകയുടെ 100% ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. 1998-99 സാമ്പത്തികവർഷം കാർഷികാദായനികുതി കുടിശ്ശികയിനത്തിൽ 6.30 കോടി രൂപയും വിൽപ്പന നികുതി കുടിശ്ശികയിനത്തിൽ 68.53 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. ഈ പദ്ധതി 99-2000 സാമ്പത്തികവർഷത്തിലും തുടർന്ന് നടപ്പാക്കിയിട്ടുണ്ട്.

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളും വ്യക്തികളും സഹകാര്യസ്ഥാപനങ്ങളും 31/3/99 ലെ കണക്കനുസരിച്ച് 1106 കോടി രൂപ കുടിശിക വരുത്തിയിട്ടുണ്ട്.

(എഫ്) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി കുടിശ്ശിക മുഴുവൻ പിരിച്ചെടുക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. 1998-99 വർഷം വിൽപ്പനനികുതിയിനത്തിൽ കുടിശ്ശികയായി 68.53 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ കുടിശ്ശികയായി 6.30 കോടി രൂപയും പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(ജി) 1. ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുകയും വാഹനങ്ങളും വ്യാപാരസ്ഥാപനങ്ങളും പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

2. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി നികുതിചോർച്ച സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നു.

3. അപ്പീൽ കേസുകളും സ്റ്റേ കേസുകളും വേഗം തീർപ്പാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

4. നികുതി സമാഹരണം സംബന്ധിച്ച് സംസ്ഥാന-ജില്ലാ അവലോകനങ്ങൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു.

19 (*75) മെട്രോ റെയിൽവേ സംവിധാനം

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> :
<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> :
<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> :
<u>ശ്രീ. എ. അലി ഹസ്സൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ മെട്രോ റെയിൽവേ സംവിധാനം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ മെട്രോ റെയിൽവേ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തുന്നതിന് ഏതെങ്കിലും സംഘടനയെ ചുമതലപ്പെടുത്തിയിരുന്നുവോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചുവോ;

(ഇ) കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ മെട്രോ റെയിൽവേ സംവിധാനം ഏർപ്പെടുത്താനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) സംസ്ഥാനത്ത് കൊച്ചി, തിരുവനന്തപുരം, എന്നീ നഗരങ്ങളിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിലേയ്ക്കായി ഏത് സംവിധാനം സഹായകരമാകുമെന്ന് തീരുമാനിക്കുന്നതിനു വേണ്ടി സമഗ്ര സർവ്വേ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തെ സംബന്ധിച്ച് പഠനം നടത്തുന്നതിന് 'ടെക്നോ ഇക്കണോമിക് ഡീലിംഗ്' വഴി ഒരു ഏജൻസിയെ കണ്ടെത്തുകയും കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ പഠന ചുമതല അവരെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി നഗരത്തെ സംബന്ധിച്ച് പഠന ചുമതല കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള 'റൈറ്റ്സ്' എന്ന സ്ഥാപനത്തെ ഏൽപ്പിക്കുന്നതിന് സർക്കാർ തീരുമാനമായിട്ടുണ്ടെങ്കിലും പ്രതിപക്ഷത്തെ സംബന്ധിച്ച് അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) സമഗ്ര സർവ്വേ നടത്തി പഠനഫലം വിശകലനം ചെയ്ത ശേഷം മാത്രമേ ഏതു സംവിധാനത്തിലൂടെ കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുവാൻ സാധിക്കും എന്ന് നിർണ്ണയിക്കാനാവുകയുള്ളൂ. മെട്രോ റെയിൽവേ സംവിധാനമാണ് പരിഹാര മാർഗ്ഗമെന്ന് കണ്ടെത്തുകയാണെങ്കിൽ ടി സംവിധാനം നടപ്പിലാക്കാനുള്ള സത്വര നടപടികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്വീകരിക്കുന്നതാണ്.

20 (*76) ലോട്ടറി നിരോധനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സർക്കാർ ലോട്ടറികളും, സ്വകാര്യ ലോട്ടറികളും സമ്പൂർണ്ണമായി നിരോധിക്കാൻ കേന്ദ്രഗവൺമെന്റ് വീണ്ടും നീക്കം ആരംഭിച്ചിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly